പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2082 — 07.12.2015 ൽ മറുപടിക്ക്

## മയക്കുമരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, എ.റ്റി.ജോർജ്<br>,, വി.പി.സജീന്ദ്രൻ<br>,, ടി.എൻ. പ്രതാപൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യുവതലമുറയിലേക്ക് ലഹരിയുടെ വ്യാപനം തടയുകയും വിദ്യാലയങ്ങളിലും സമൂഹത്തിലും ഇതരസംസ്ഥാന തൊഴിലാളികളിലും മയക്കുമരുന്നിന്റെ ഉപയോഗം, വ്യാപനം, വിൽപ്പന എന്നിവ തടയുകയും അതുവഴി വരും തലമുറയെ പരിപൂർണ്ണമായും ലഹരി വിമുക്ത സമൂഹമായും മാറ്റിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ ലക്ഷ്യം |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് സ്കൂൾ, കോളേജ് ക്യാമ്പസിനകത്തും സമീപപ്രദേശങ്ങളിലും മദ്യ-മയക്കുമരുന്ന വിൽപ്പന നടക്കുന്നുണ്ടോ എന്നറിയുന്നതിനും ആയത് കണ്ടെത്തി അറിയിക്കുന്നതിലേക്കുമായി സ്കൂൾ പി.ടി.എ. കമ്മിറ്റി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ജാഗ്രതാ സമിതികൾ തുടങ്ങിയവയുമായി നിരന്തരം ബന്ധം പുലർത്തി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ മനസ്സിലാക്കിയും, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതിയിലൂടെ വിദ്യാർത്ഥികളിലും സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ് എന്നീ സംവിധാനങ്ങളുപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Rajani.M

സെക്ഷൻ ഓഫീസർ